ഭക്ഷ്യധാന്യങ്ങളുടെ വിലനിലവാരം നിയന്ത്രിക്കാൻ നടപടി

34 [3456] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണക്കാലത്ത് വിലനിലവാരം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്ഥാപനങ്ങൾവഴി മിതമായ വിലയ്ക്ക് എല്ലാവിധ ഭക്ഷ്യധാന്യങ്ങളും വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഓണക്കാലത്ത് ഭക്ഷ്യധാന്യങ്ങൾ സുലഭമായും വിലക്കുറവായും ലഭ്യമാക്കാൻ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപുലമായ നടപടികൾ ആസൂത്രണം ചെയ്തുവരികയാണ്.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് സിറ്റി കോർപ്പറേഷനുകളിൽ രണ്ടാഴ്ചക്കാലം നീണ്ടുനിൽക്കുന്ന 5 മെട്രോ ഫെയറുകളും മറ്റ് ഒൻപത് ജില്ലാ ആസ്ഥാനങ്ങളിലും എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറയിലും 10 ദിവസം നീണ്ടുനിൽക്കുന്ന പത്ത് ജില്ലാ ഫെയറുകളും മുനിസിപ്പൽ-താലൂക്ക് ആസ്ഥാനങ്ങളിൽ 5 ദിവസം നീണ്ടുനിൽക്കുന്ന മാർക്കറ്റുകളും (ഓണച്ചന്തകളും) നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കൂടാതെ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്ഥിരം വിപണനശൃംഖലകളായ മാവേലി സ്റ്റോറുകൾ, ശബരി സൂപ്പർ മാർക്കറ്റുകൾ, ശബരി സ്റ്റോറുകൾ എന്നിവ വഴിയും പ്രധാനപ്പെട്ട എല്ലാ ഭക്ഷ്യധാന്യങ്ങളും പൊതുവിപണിയിലെ ഏറ്റവും കുറഞ്ഞ നിരക്കിൽ വിതരണം നടത്തുന്നതാണ്.

സീഡ് വില്ലേജ് പദ്ധതി

35 [3473] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
„ *പി. എസ്. സുപാൽ:*
„ *മാങ്കോട് രാധാകൃഷ്ണൻ:*
„ *എം. കുമാരൻ:*
„ *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖലയിൽ സീഡ് വില്ലേജ് എന്ന ആശയം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് നടപ്പാക്കിയതെന്ന് വെളിപ്പെടുത്താമോ; ഇതിന്റെ ഭാഗമായി എത്ര സീഡ് വില്ലേജുകൾക്ക് രൂപം നൽകിയിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സീഡ് വില്ലേജുകളിലെല്ലാംകൂടി എത്ര കർഷകർ അംഗങ്ങളായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ കർഷകർക്ക് നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതി ഇപ്പോൾ നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) — (സി) ഓരോ പ്രദേശത്തിനും (വില്ലേജിനും) അനുയോജ്യമായതും കർഷകരുടെ ഇടയിൽ സ്വീകാര്യമായ നെൽവിത്ത് അതാത് പ്രദേശത്തുതന്നെ ഉൽപ്പാദനം നടത്തി യഥാസമയം കർഷകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കാർഷികമേഖലയിൽ സീഡ് വില്ലേജ് എന്ന ആശയം ഉൾക്കൊണ്ട് വിത്തുൽപ്പാദനപദ്ധതി നടപ്പിലാക്കിയിരുന്നു. മറ്റു വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഡി) ഇല്ല. സീഡ് വില്ലേജ് എന്ന ആശയം ഉൾക്കൊണ്ട് രജിസ്ട്രേഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം എന്ന പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

കാർഷിക ഇൻഷ്വറൻസ് പദ്ധതിപ്രകാരമുള്ള ധനസഹായം

36 [3480] *ശ്രീ കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖലയിൽ നടപ്പിലാക്കിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഈ കാർഷിക ഇൻഷ്വറൻസ് പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ എത്ര കർഷകരെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തുണ്ടായിട്ടുള്ള വിവിധ കെടുതികളുടെയും പ്രകൃതിക്ഷോഭങ്ങളുടെയും ഇരയായിത്തീർന്ന് കൃഷി നശിച്ച എത്ര പേർക്ക് ഇൻഷ്വറൻസ് പദ്ധതിപ്രകാരമുള്ള ധനസഹായം ലഭിച്ചിട്ടുണ്ട് എന്നതു സംബന്ധിച്ച് ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly